**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പെൻഷൻ - എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 19/10/2012 – ൽ മരണപ്പെട്ട കെ. സരസമ്മയുടെ ഭർത്താവ് ശ്രീ.എസ്.അപ്പുക്കുട്ടന് കുടുംബ - പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ(സാധാ) നം.**7568/2018/**ധന. തിരുവനന്തപുരം, തീയതി.**10/09/2018**

---

പരാമർശം:- 1. ശ്രീ.എസ്.അപ്പുക്കുട്ടന്റെ 07/08/2018 - ലെ അപേക്ഷ.
2. 20/01/2016 – ലെ സ.ഉ(പി) നം.9/2016/ധന നമ്പർ ഉത്തരവ്.
3. PPO No.20552002.

**<u>ഉത്തരവ്</u>**

31/05/2001 – ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി.കെ.സരസമ്മ എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 19/10/2012 – ൽ മരണപ്പെട്ടതിനാൽ പരാമർശം(2) ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.എസ്.അപ്പുക്കുട്ടൻ പരാമർശം (1) പ്രകാരം ആവശ്യമായ രേഖകൾ സമർപ്പിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം(2) ലെ ഉത്തരവിലെ ഖണ്ഡിക 10 - ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും മരണപ്പെട്ട കെ.സരസമ്മയുടെ സർവ്വീസ് കാലയളവ് 8 വർഷം ആകയാലും പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ഭർത്താവ് ശ്രീ.എസ്. അപ്പുക്കുട്ടന് 2040/- രൂപ 01/07/2014 മുതൽ എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 2040/- രൂപയ്ക്ക് അർഹതപ്പെട്ട ക്ഷാമാശ്വാസത്തിന് ടിയാന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) പ്രസ്തുത കുടുംബ പെൻഷൻ നൽകുന്നതിനാവശ്യമായ അധികാരദാനം അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99 കുടുംബ പെൻഷൻ (വോട്ട് ചെയ്തത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

(............2)

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള,തിരുവനന്തപുരം
2. അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എ),കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ,സബ് ട്രഷറി, നെയ്യാറ്റിൻകര.
5. ശ്രീ.അപ്പുക്കുട്ടൻ.എസ്, മുള്ളുവിളയായ വാറുവിള വീട്, തിരുപുറം.പി.ഒ
6. നോഡൽ ഓഫീസർ , www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E.932752)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**